ENTRI

1 Crore User Downloads

# MONTHLY
# CURRENT AFFAIRS
## APRIL 2024



# INDEX


- ലോറസ് വേൾഡ് സ്പോർട്സ് അവാർഡ്സ് 2024
- 77-ാമത് കാൻ ചലച്ചിത്രമേള
- മയാമി ഓപ്പൺ 2024
- ഹോക്കി ഇന്ത്യ അവാർഡ്സ് 2023
- ലോകം
- ഇന്ത്യ
- കേരളം
- കായികം
- സാഹിത്യം
- മറ്റ് പുരസ്കാരങ്ങൾ
- സിനിമ
- ശാസ്ത്ര സാങ്കേതിക മേഖല
- ഇന്ത്യ - പദ്ധതികൾ
- കേരളം - പദ്ധതികൾ
- നിയമനങ്ങൾ
- വിയോഗം
- റാങ്കിങ്
- വേദികൾ
- സൈനികാഭ്യാസം
- പ്രധാന ദിനങ്ങൾ






## ലോറസ് വേൾഡ് സ്പോർട്സ് അവാർഡ്സ് 2024

- 25-ാമത് ലോറസ് സ്പോർട്സ് അവാർഡ്സ്
- ലോറസ് വേൾഡ് സ്പോർട്സ്മാൻ ഓഫ് ദി ഇയർ - നൊവാക് ജോക്കോവിച്ച് (സെർബിയൻ ടെന്നീസ് താരം)
  - ⇒ ഇത് അഞ്ചാം തവണയാണ് നൊവാക് ജോക്കോവിച്ച് ഈ പുരസ്കാരം കരസ്ഥമാക്കുന്നത്. 2012, 2015, 2016, 2019 വർഷങ്ങളിലാണ് ജോക്കോവിച്ച് മുമ്പ് ഈ പുരസ്കാരം നേടിയത്.
- ലോറസ് വേൾഡ് സ്പോർട്സ് വുമൺ ഓഫ് ദി ഇയർ - ഐതാന ബോൺമാറ്റി (സ്പാനിഷ് ഫുട്ബോൾ താരം)
- ലോറസ് വേൾഡ് ടീം ഓഫ് ദി ഇയർ - സ്പെയിൻ വനിതാ ഫുട്ബോൾ ടീം
- ലോറസ് വേൾഡ് ബ്രേക്ക്ത്രൂ ഓഫ് ദി ഇയർ - ജൂഡ് ബെല്ലിംഗ്ഹാം (ഇംഗ്ലീഷ് ഫുട്ബോൾ താരം)
- ലോറസ് വേൾഡ് കംബാക്ക് ഓഫ് ദി ഇയർ - സിമോണ ബൈൽസ് (അമേരിക്കൻ ആർട്ടിസ്റ്റിക് ജിംനാസ്റ്റ്)
- ലോറസ് വേൾഡ് സ്പോർട്സ്പേഴ്സൺ ഓഫ് ദി ഇയർ വിത്ത് ഡിസെബിലിറ്റി - ഡൈഡെ ഡി ഗ്രൂട്ട് (നെതർലാൻഡ് വീൽചെയർ ടെന്നീസ് താരം)

## 77-ാമത് കാൻ ചലച്ചിത്രമേള

- പാം ഡി ഓർ മത്സര വിഭാഗത്തിൽ 2024-ലെ 77-ാമത് കാൻ ഫിലിം ഫെസ്റ്റിവലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ സിനിമ - ഓൾ വി ഇമാജിൻ ആസ് ലൈറ്റ്
  - ⇒ പായൽ കപാഡിയ സംവിധാനം ചെയ്ത ചിത്രമാണ് ഓൾ വി ഇമാജിൻ ആസ് ലൈറ്റ്.
  - ⇒ 1994-ൽ പുറത്തിറങ്ങിയ ഷാജി എൻ കരുണിന്റെ 'സ്വം' ആണ് ഈ മത്സര വിഭാഗത്തിൽ ഇടം നേടിയ അവസാന ഇന്ത്യൻ ചിത്രം.

- 77-ാമത് കാൻ ചലച്ചിത്രമേളയിൽ ഓണററി പാം ഡി ഓർ പുരസ്കാരത്തിന് അർഹനായ ഹോളിവുഡ് ചലച്ചിത്രസംവിധായകനും,നിർമ്മാതാവും,തിരക്കഥാകൃത്തുമായ വ്യക്തി - ജോർജ്ജ് ലൂക്കാസ്

## മയാമി ഓപ്പൺ 2024

- പുരുഷ സിംഗിൾസ് ജേതാവ് - യാനിക് സിന്നർ

• വനിതാ സിംഗിൾസ് ജേതാവ് - ഡാനിയേല കോളിൻസ്
• വനിതാ ഡബിൾസ് ജേതാക്കൾ - സോഫിയ കെനിൻ , ബെതാനിയെ മത്തേക് സാൻഡ്സ്
• മയാമി ഓപൺ 2024 ടെന്നിസ് പുരുഷ ഡബിൾസിൽ കിരീടം സ്വന്തമാക്കിയത് - രോഹൻ ബൊപ്പണ്ണ-മാത്യു എബ്ഡൻ
 ⇒ ഫൈനലിൽ ക്രൊയേഷ്യയുടെ ഇവാൻ ഡോഡിക്-അമേരിക്കയുടെ ഓസ്റ്റിൻ ക്രാജിസെക് ജോഡിയെ പരാജയപ്പെടുത്തിയാണ് രോഹൻ ബൊപ്പണ്ണ-മാത്യു എബ്ഡൻ സഖ്യം കിരീടം സ്വന്തമാക്കിയത്.

## ഹോക്കി ഇന്ത്യ അവാർഡ്സ് 2023

• മികച്ച പുരുഷ താരം - ഹർദിക് സിങ്
• മികച്ച വനിതാ താരം - സലീമ ടെറ്റ്
• മികച്ച ഗോൾ കീപ്പർ - പി. ആർ. ശ്രീജേഷ്
• മേജർ ധ്യാൻ ചന്ദ് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് - അശോക് കുമാർ

## ലോകം

• 2024-ൽ നടക്കുന്ന പാരിസ് ഒളിമ്പിക്സിന്റെ ഉദ്ഘാടന പരേഡിൽ പങ്കെടുക്കുന്നതിൽ നിന്ന് രാജ്യാന്തര ഒളിമ്പിക് കമ്മിറ്റി വിലക്കിയ രാജ്യങ്ങൾ – റഷ്യ, ബെലാറസ്

• 2024 ൽ കഞ്ചാവ് ഉപയോഗം നിയമവിധേയമാക്കിയ യൂറോപ്യൻ രാജ്യം - ജർമ്മനി
 ⇒ പുതിയ നിയമം അനുസരിച്ച് 18 വയസ്സിന് മുകളിൽ പ്രായമുള്ള ആർക്കും 25 ഗ്രാം ഉണക്ക കഞ്ചാവ് കൈവശം വെയ്ക്കാനും മൂന്ന് കഞ്ചാവ് ചെടികൾ വീട്ടിൽ വളർത്താനും അനുമതിയുണ്ട്.

• പുതിയ കൊറോണ വൈറസ് വകഭേദങ്ങൾ തിരിച്ചറിയുന്നതിനും നിരീക്ഷിക്കുന്നതിനുമായി ലോകാരോഗ്യ സംഘടന ആരംഭിച്ച ആഗോള ലബോറട്ടറി ശൃംഗല – കോവിനെറ്റ് (CoViNet)

• അരുണാചൽ പ്രദേശിലെ 30 സ്ഥലങ്ങൾക്ക് പുതിയ പേരിട്ട് പട്ടിക പുറത്തിറക്കിയ ഇന്ത്യയുടെ അയൽരാജ്യം - ചൈന

• പ്ലൂട്ടോയെ സംസ്ഥാന ഗ്രഹമായി പ്രഖ്യാപിച്ച അമേരിക്കൻ സംസ്ഥാനം - അരിസോണ


ENTRI

• ഇന്ത്യയിലെ ന്യൂസ് റൂം പ്രവർത്തനം അവസാനിപ്പിക്കുന്നതായി 2024 ഏപ്രിലിൽ പ്രഖ്യാപിച്ച അന്താരാഷ്ട്ര വാർത്താ സ്ഥാപനം – ബി.ബി.സി

• അണക്കെട്ട് തകർന്ന് പ്രളയമുണ്ടായതിനെത്തുടർന്ന് അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ട 'ഒറെൻബർഗ്' നഗരം സ്ഥിതിചെയ്യുന്ന രാജ്യം - റഷ്യ

• ലോകാരോഗ്യ സംഘടനയുടെ 2024 ലെ ഗ്ലോബൽ ഹെപ്പറ്റൈറ്റിസ് റിപ്പോർട്ട് അനുസരിച്ച് ഹെപ്പറ്റൈറ്റിസ് ബി, സി വൈറസ് ബാധിതരുടെ എണ്ണം ഏറ്റവും കൂടുതലുള്ള രാജ്യം- ചൈന

⇒ രണ്ടാം സ്ഥാനം - ഇന്ത്യ

• മയക്കുമരുന്നിന്റെ ഉപയോഗവും , വിൽപ്പനയും വ്യാപകമായതോടെ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച ആഫ്രിക്കൻ രാജ്യം - സിയേറാ ലിയോൺ

• 2024 ഏപ്രിലിൽ, 2000 വർഷം പഴക്കമുള്ള 'ചേര നാണയം' കണ്ടെത്തിയ രാജ്യം – ഈജിപ്ത്

⇒ ഈജിപ്തിലെ പുരാതന തുറമുഖമായ ഭരണിക്കയിൽനിന്ന് കോപ്റ്റോസിന് സമീപമുള്ള ഡയോസ് കോട്ടയിൽനിന്നാണ് നാണയം ലഭിച്ചത്.

• 2024 ഏപ്രിലിൽ റഷ്യൻ വ്യോമാക്രമണത്തിൽ തകർന്ന ട്രിപിൽസ്‌ക വൈദ്യുത നിലയം സ്ഥിതി ചെയ്യുന്ന രാജ്യം - യുക്രൈൻ

⇒ കൽക്കരിയിൽ പ്രവർത്തിക്കുന്ന താപവൈദ്യുതനിലയമാണ് ട്രിപിൽസ്കയിലേത്.

• ഇസ്രായേലിനെതിരെ ഇറാൻ നടത്തിയ സൈനിക നടപടി അറിയപ്പെടുന്നത് - ഓപ്പറേഷൻ ട്രൂ പ്രോമിസ്

• 2024 ഏപ്രിലിൽ ഇന്ത്യ അടക്കം വിവിധ രാജ്യങ്ങൾക്ക് ഇ- വിസ സൗകര്യം ഏർപ്പെടുത്തിയ രാജ്യം - ജപ്പാൻ

⇒ ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിൽ നിന്ന് വരുന്ന വിനോദസഞ്ചാരികൾക്ക് 90 ദിവസം വരെ കാലാവധിയുള്ള സിംഗിൾ എൻട്രി വിസയാണ് ജപ്പാൻ അനുവദിച്ചത്.

• 2024 ഏപ്രിലിൽ പൊട്ടിത്തെറിച്ച റുവാംഗ് അഗ്നിപർവ്വതം സ്ഥിതി ചെയ്യുന്ന രാജ്യം - ഇന്തോനേഷ്യ


ENTRI

• സ്കൈട്രാക്സ് വേൾഡ് എയർപോർട്ട് 2024 പട്ടികയിൽ ലോകത്തെ ഏറ്റവും മികച്ച വിമാനത്താവളമായി തിരഞ്ഞെടുക്കപ്പെട്ടത് - ഹമദ് വിമാനത്താവളം, ഖത്തർ

⇒ രണ്ടാം സ്ഥാനം - ചാംഗി വിമാനത്താവളം , സിംഗപ്പൂർ

⇒ മൂന്നാം സ്ഥാനം - ഇഞ്ചിയോൺ വിമാനത്താവളം , ദക്ഷിണകൊറിയ

⇒ ഡൽഹി(36), ബെംഗളൂരു (59), ഹൈദരാബാദ് (61), ഗോവ മനോഹർ (92), മുംബൈ (95) എന്നിവയാണ് ആദ്യ നൂറിൽ ഉൾപ്പെട്ട ഇന്ത്യൻ വിമാനത്താവളങ്ങൾ.

• 2024 ഏപ്രിലിൽ മെനിഞ്ചൈറ്റിസിനെതിരെ Men5CV വാക്സിൻ പുറത്തിറക്കിയ രാജ്യം - നൈജീരിയ

• സ്വീഡനിലെ ലിങ്കോപിങ് സർവകലാശാലയിലെ ഗവേഷകർ ആറ്റത്തിന്റെ കനത്തിൽ നിർമ്മിച്ച സ്വർണ്ണപാളി - ഗോൾഡൻ

• 2024 ഏപ്രിലിൽ ഊർജ്ജ പ്രതിസന്ധിയെതുടർന്ന് അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച തെക്കേ അമേരിക്കൻ രാജ്യം - ഇക്വഡോർ

• 'ഹ്വസാൽ-1 Ra-3', 'പ്യോൾജി-1-2' എന്നീ അത്യാധുനിക മിസൈലുകൾ വിജയകരമായി പരീക്ഷിച്ച രാജ്യം - ഉത്തരകൊറിയ

• 2024 ഏപ്രിലിൽ ഇസ്രായേൽ-ഹമാസ് യുദ്ധത്തിനിടെ തകർന്ന ഗാസയിലെ ചരിത്രപ്രസിദ്ധമായ കൊട്ടാരം – അൽ ബാഷ കൊട്ടാരം

• 2024 ഏപ്രിലിൽ ടിക് ടോക് നിരോധിക്കാനുള്ള ബില്ല് പാസാക്കിയ രാജ്യം – അമേരിക്ക

• ഇറാന്റെ സഹായത്തോടെ ശ്രീലങ്കയിൽ നിർമ്മിച്ച ജലവൈദ്യുത പദ്ധതി - ഉമാ ഓയ ജലവൈദ്യുത പദ്ധതി

• ലോകത്ത് ആദ്യമായി ചന്ദ്രന്റെ സമ്പൂർണ്ണ ഹൈ ഡെഫിനിഷൻ അറ്റ്ലസ് പുറത്തിറക്കിയ രാജ്യം- ചൈന

• 2024 ഏപ്രിലിൽ രാജിവെച്ച ഹെയ്തി പ്രധാനമന്ത്രി - ഏരിയൽ ഹെൻട്രി

• സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (എസ്ഐപിആർഐ) പുതിയ റിപ്പോർട്ട് പ്രകാരം,ലോകത്ത് സൈനിക


ENTRI

ആവശ്യങ്ങൾക്കായി ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന രാജ്യം - അമേരിക്ക

⇒ രണ്ടാം സ്ഥാനം - ചൈന
⇒ മൂന്നാം സ്ഥാനം - റഷ്യ
⇒ നാലാം സ്ഥാനം - ഇന്ത്യ

- ബോയിങ്ങിന്റെ സ്റ്റാർലൈനർ ബഹിരാകാശവാഹനത്തിന്റെ പരിശീലനയാത്രയുടെ ഭാഗമാകുന്ന ഇന്ത്യൻ വംശജയായ ബഹിരാകാശ യാത്രിക - സുനിത എൽ. വില്യംസ്
  ⇒ നാസയിലെ ബുച്ച് വിൽമോറും സ്റ്റാർലൈനറിൽ സുനിതയ്ക്കൊപ്പമുണ്ടാകും.
  ⇒ മനുഷ്യരുമായി സ്റ്റാർലൈനർ നടത്തുന്ന ആദ്യ പരീക്ഷണയാത്രയാണിത്.
  ⇒ വാണിജ്യാവശ്യങ്ങൾക്ക് സ്റ്റാർലൈനർ ഉപയോഗിക്കുന്നതിന്റെ ഭാഗമായാണ് നാസയുമായിച്ചേർന്നുള്ള ഈ പരീക്ഷണം.

- 2024 ഏപ്രിലിൽ സ്വവർഗ രതി ക്രിമിനൽ കുറ്റമാക്കി ബില്ല് പാസാക്കിയ രാജ്യം - ഇറാഖ്

- 2024 ഏപ്രിലിൽ, ബഹിരാകാശത്തെ അപകടകരമായ ആയുധമത്സരം തടയണമെന്ന യു.എൻ. പ്രമേയത്തെ വീറ്റോ ചെയ്ത രാജ്യം – റഷ്യ

- 2024 ഏപ്രിലിൽ രാജിവെച്ച ഇസ്രായേലിന്റെ മിലിട്ടറി ഇന്റലിജൻസ് ചീഫ് – അഹ്റോൻ ഹലീവ

## ഇന്ത്യ

- 2024 മാർച്ചിൽ കേന്ദ്ര സാംസ്കാരിക മന്ത്രാലയം ഭരണവിലക്ക് ഏർപ്പെടുത്തിയ കേന്ദ്ര ലളിതകലാ അക്കാദമിയുടെ ചെയർമാൻ - വി. നാഗദാസ്

- റിസർവ് ബാങ്കിന്റെ 90-ാം വാർഷികത്തോടനുബന്ധിച്ചു എത്ര രൂപയുടെ സ്മാരകനാണയമാണ് പുറത്തിറക്കിയത് - 90 രൂപ
  ⇒ 1935 ഏപ്രിൽ ഒന്നിനാണ് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) പ്രവർത്തനം ആരംഭിച്ചത്.

- 2024-ലെ ബ്രാൻഡ് ഫിനാൻസ് ഇൻഷുറൻസ് 100 റിപ്പോർട്ട് പ്രകാരം ലോകത്തെ ഏറ്റവും ശക്തമായ ഇൻഷുറൻസ് ബ്രാൻഡ് - ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

• 2024 ലെ ഫോബ്സിൻെറ അതിസമ്പന്നരുടെ പട്ടികയിൽ ഇടം നേടിയ മലയാളി വനിത - സാറാ ജോർജ് മുത്തൂറ്റ്

⇒ ഒന്നാം സ്ഥാനം - ബെർണാഡ് അർനോൾട്ട് & ഫാമിലി

⇒ രണ്ടാം സ്ഥാനം - ഇലോൺ മസ്ക്

⇒ മൂന്നാം സ്ഥാനം - ജെഫ് ബെസോസ്

⇒ ഇന്ത്യക്കാരിൽ ഒന്നാം സ്ഥാനം - മുകേഷ് അംബാനി (ഒമ്പതാം സ്ഥാനം)

⇒ മലയാളികളിൽ ഒന്നാം സ്ഥാനം - എം.എ. യൂസഫലി

• ക്യാൻസറിനുള്ള ഇന്ത്യയിലെ ആദ്യത്തെ ഹോം ഗ്രൗണ്ട് ജീൻ തെറാപ്പി ആരംഭിച്ച സ്ഥാപനം - ഐഐടി ബോംബെ

• 2024 ൽ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ (ജിഐ) ടാഗ് ലഭിച്ച ഉത്തർപ്രദേശിലെ ഗോതമ്പിനം - കത്തിയ ഗെഹു

• 2024 ഏപ്രിലിൽ  രാജ്യസഭയിൽ നിന്ന് വിരമിച്ച കോൺഗ്രസിന്റെ മുതിർന്ന നേതാവും , ഇന്ത്യയുടെ മുൻപ്രധാനമന്ത്രിയുമായിരുന്ന വ്യക്തി - ഡോ. മൻമോഹൻ സിംഗ്

• 2024 ഏപ്രിലിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് അക്വാട്ടിക് സെന്റർ നിലവിൽ വന്നത് - മണ്ഡപം , തമിഴ്നാട്

• അടുത്തിടെ കേരള സർവകലാശാല ഗവേഷക സംഘം ഹാരപ്പൻ സംസ്കാരത്തിന്റെ ശേഷിപ്പുകൾ കണ്ടെത്തിയ സംസ്ഥാനം - ഗുജറാത്ത്

⇒ ജൂന ഖട്ടിയ എന്ന ഗ്രാമത്തിൽ നിന്നും ഒന്നര കിലോമീറ്റർ മാറിയുള്ള പഡ്താ ബേട്ട് എന്ന ഒരു ചെറിയ കുന്നിൻെറ ചരിവിലാണ് ഹാരപ്പൻ സംസ്കാരത്തിൻെറ അവശിഷ്ടങ്ങൾ കണ്ടെത്തിയത്.

• 2024 ഏപ്രിലിൽ, ആഗോള എയർലൈൻ രംഗത്ത് വിപണിമൂല്യത്തിൽ മൂന്നാം സ്ഥാനത്തെത്തിയ എയർലൈൻസ് – ഇൻഡിഗോ

• 2024 ഏപ്രിലിൽ ജിഐ ടാഗ് ലഭിച്ച മഹാരാഷ്ട്രയിലെ സംഗീതോപകരണങ്ങൾ - സിത്താർ , താൻപുര

⇒ മഹാരാഷ്ട്രയിലെ സാംഗ്ലി ജില്ലയിലെ മിറാജ് എന്ന ചെറുപട്ടണത്തിൽ നിർമ്മിക്കുന്ന സംഗീതോപകരണങ്ങളായ സിത്താർ , താൻപുര എന്നിവയ്ക്കാണ് ജിഐ ടാഗ് ലഭിച്ചത്.

• ജെഫ് ബെസോസ് നയിക്കുന്ന ബ്ലൂ ഒറിജിന്റെ ന്യൂ ഷെപ്പേർഡ് -25 (NS-25) ബഹിരാകാശ ദൗത്യത്തിനായുള്ള ആറ് ക്രൂ അംഗങ്ങളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യക്കാരൻ - ഗോപിചന്ദ് തോട്ടക്കുര

• ലക്ഷദ്വീപിലെ ആദ്യത്തെ സ്വകാര്യ ബാങ്ക് - എച്ച് ഡി എഫ് സി ബാങ്ക്

⇒ ലക്ഷദ്വീപിലെ കവരത്തി ദ്വീപിലാണ് എച്ച് ഡി എഫ് സി ബാങ്ക് തങ്ങളുടെ ശാഖ ആരംഭിച്ചത്.

• ഇന്ത്യ റഷ്യയിൽ നിന്നു വാങ്ങുന്ന മാൻ പോർട്ടബിൾ എയർ ഡിഫൻസ് സിസ്റ്റം - ഇഗ്ല-എസ്

• കാഴ്ച പരിമിതർക്ക് പരസഹായമില്ലാതെ വോട്ട് രേഖപ്പെടുത്താനുള്ള സംവിധാനം - ഡമ്മി ബ്രെയിലി ബാലറ്റ്

⇒ സ്ഥാനാർഥികളും പേരും ചിഹ്നങ്ങളും ബ്രെയിലി ലിപിയിൽ രേഖപ്പെടുത്തിയാണ് ഡമ്മി ബാലറ്റ് തയ്യാറാക്കുന്നത്. ഇലക്ട്രോണിക് വോട്ടിങ് യന്ത്രത്തിൽ സ്ഥാനാർഥികളുടെ ക്രമമനുസരിച്ചാണ് ഡമ്മി ബാലറ്റിലും പേരുകളും ചിഹ്നങ്ങളുമുണ്ടാവുക. പോളിങ് ബൂത്തിലെ പ്രിസൈഡിങ് ഓഫീസറോട് ആവശ്യപ്പെട്ടാൽ ഡമ്മി ബ്രെയ്ലി ബാലറ്റ് നൽകും. ഇതിൽനിന്ന് സ്ഥാനാർഥികളുടെ ക്രമം മനസ്സിലാക്കി വോട്ടുചെയ്യാം.

• 2024 ഏപ്രിലിൽ സൂര്യഗ്രഹണ സമയത്ത് നാസയുടെ സൗണ്ടിംഗ് റോക്കറ്റ് ദൗത്യത്തിന് നേതൃത്വം നൽകിയ ഇന്ത്യൻ വംശജനായ ശാസ്ത്രജ്ഞൻ - ആരോഹ് ബർജാത്യ

• ടൈം മാഗസിന്റെ '2024-ലെ ഏറ്റവും സ്വാധീനമുള്ള 100 വ്യക്തികളുടെ' പട്ടികയിൽ ഇടം നേടിയ ഇന്ത്യക്കാർ/ഇന്ത്യൻ വംശജർ - സാക്ഷി മാലിക് (ഗുസ്തി താരം) , ആലിയ ഭട്ട് (ചലച്ചിത്ര താരം) , ദേവ് പട്ടേൽ (ചലച്ചിത്ര താരം), അജയ് ബംഗ (ലോകബാങ്ക് പ്രസിഡൻറ്) , സത്യ നദല്ല (മൈക്രോസോഫ്റ്റ് സിഇഒ) , പ്രിയംവദ നടരാജൻ (യേൽ യൂണിവേഴ്സിറ്റിയിലെ ജ്യോതിശാസ്ത്ര, ഭൗതികശാസ്ത്ര വിഭാഗങ്ങളിലെ പ്രൊഫസർ) , അസ്മ ഖാൻ (പാചക വിദഗ്ദ) , ജിഗർ ഷാ (യുഎസ് ഡിപ്പാർട്ട്മെന്റ് ഓഫ് എനർജി ലോൺ പ്രോഗ്രാംസ് ഓഫീസിന്റെ ഡയറക്ടർ)

• ഉറങ്ങാനുള്ള അവകാശം മനുഷ്യന്റെ അടിസ്ഥാന ആവശ്യമാണെന്നും അത് ലംഘിക്കാനാവില്ലെന്നും പരാമർശിച്ച ഹൈക്കോടതി - ബോംബെ ഹൈക്കോടതി


ENTRI

- യു.എൻ.എഫ്.പി.എ.(യുണൈറ്റഡ് നാഷൻസ് ഫണ്ട് ഫോർ പോപ്പുലേഷൻ ആക്റ്റിവിറ്റീസ്) തയ്യാറാക്കിയ 'ലോക ജനസംഖ്യയുടെ സ്ഥിതി-2024' റിപ്പോർട്ട് പ്രകാരം
  - ⇒ ഇന്ത്യയിലെ പുരുഷൻമാരുടെ ആയുർദൈർഘ്യം - 71 വയസ്സ്
  - ⇒ ഇന്ത്യയിലെ സ്ത്രീകളുടെ ആയുർദൈർഘ്യം - 74 വയസ്സ്

- ഗുജറാത്തിലെ കച്ചിൽനിന്ന് കണ്ടെത്തിയ ലോകത്തു ജീവിച്ചവയിൽവെച്ച് ഏറ്റവും വലിയ പാമ്പിൻറേ ഫോസിൽ - വാസുകി ഇൻഡിക്കസ്

- വാഹനാപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് മദ്യത്തിന്റെ ഗന്ധമുണ്ടായിരുന്നു എന്ന കാരണത്താൽ നഷ്ടപരിഹാരം നിഷേധിക്കാനാകില്ലെന്നും, രക്തത്തിലെ മദ്യത്തിന്റെ അളവായിരിക്കണം നഷ്ടപരിഹാരം നിഷേധിക്കാൻ കാരണമാകേണ്ടത് എന്നും നിരീക്ഷിച്ച ഹൈക്കോടതി - മദ്രാസ് ഹൈക്കോടതി

- കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ള ദൂരദർശൻ ഇംഗ്ലീഷ്, ഹിന്ദി വാർത്താചാനലുകളുടെ ലോഗോയുടെ പുതിയ നിറം – കാവി നിറം

- അർബുദകോശങ്ങൾക്കെതിരായ ആന്റിബോഡി ഉത്പാദനം വർധിപ്പിക്കാൻ കഴിയുന്ന സിന്തറ്റിക് ആന്റിജൻ വികസിപ്പിച്ച ഇന്ത്യയിലെ സ്ഥാപനം - ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്

- ഇന്ത്യയിൽ വ്യാപകമായി നടക്കുന്ന സൈബർ തട്ടിപ്പുകൾക്ക് തടയിടുന്നതിനായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം അവതരിപ്പിച്ച സോഫ്റ്റ്‌വെയർ - പ്രതിബിംബ്
  - ⇒ സൈബർ ക്രൈം കോർഡിനേഷൻ സെന്ററാണ് 'പ്രതിബിംബ്' എന്ന് പേരിട്ടിരിക്കുന്ന ഈ അത്യാധുനിക സോഫ്റ്റ്‌വെയർ വികസിപ്പിച്ചെടുത്തത്. ഹാക്കർമാരെ വളരെ പെട്ടന്ന് കണ്ടെത്തുന്നതിനും അവരുടെ നെറ്റ്‌വർക്കുകൾ ഇല്ലാതാക്കുന്നതിനും ഇത് അന്വേഷണ ഉദ്യോഗസ്ഥരെ സഹായിക്കും.

- പശ്ചിമഘട്ടത്തിന്റെ ഭാഗമായ വാഗമൺ മലനിരകളിൽ നിന്ന് മലയാളി ഗവേഷകർ കണ്ടെത്തിയ പുതിയ ഇനം സസ്യം - ലിറ്റ്സിയ വാഗമണിക
  - ⇒ ലൊറേസിയ കുടുംബത്തിലെ കുറ്റിപ്പാണലിന്റെ ജനുസ്സിൽപ്പെട്ട സസ്യമാണ് 'ലിറ്റ്സിയ വാഗമണിക'.


ENTRI

## കേരളം

• കേന്ദ്രസാഹിത്യഅക്കാദമി വിശിഷ്ടാംഗത്വം രാജിവെച്ച മലയാളി സാഹിത്യകാരൻ - സി. രാധാകൃഷ്ണൻ

• കേരളത്തിലെ തീരങ്ങളിൽ ഉണ്ടായ അപ്രതീക്ഷിതമായ കടലാക്രമണത്തിന് കാരണമായ പ്രതിഭാസം - കള്ളക്കടൽ പ്രതിഭാസം

⇒ കള്ളക്കടലിലെ തിരമാലകളെ swells എന്നാണ് വിളിക്കുന്നത്. ഈ തിരമാലകൾ സമുദ്രത്തിൽ അനേകമനേകം കിലോമീറ്ററുകൾക്കപ്പുറം വിദൂരമായി രൂപപ്പെടുന്നു.ആഴ്ചകളും, മാസങ്ങളും പിന്നിട്ടു തീരത്ത് എത്തി ഇത് വൻ തിരകളുണ്ടാക്കുന്നു. ഇതാണ് കള്ളക്കടൽ എന്ന പ്രതിഭാസം.

• കേരളത്തിൽ വലിയ വീടുകൾക്കും കെട്ടിടങ്ങൾക്കും ഈടാക്കുന്ന ആഡംബര നികുതിയുടെ പുതുക്കിയ പേര് - അധിക നികുതി

⇒ 'കേരള കെട്ടിട നികുതി ഭേദഗതി ബിൽ 2023' പ്രകാരമാണ് പേര് മാറ്റം.

• 2024 ൽ 700 വർഷം പഴക്കമുള്ള വട്ടെഴുത്ത് ലിഖിതം കണ്ടെത്തിയ കേരളത്തിലെ ജില്ല - പാലക്കാട്

• 2024 ഏപ്രിലിൽ, ഇന്റർനാഷണൽ ഷിപ്പിംഗ് ആൻഡ് പോർട്ട് സെക്യൂരിറ്റി കോഡ് അംഗീകാരം ലഭിച്ച കേരളത്തിലെ തുറമുഖം – വിഴിഞ്ഞം തുറമുഖം

⇒ ഐക്യരാഷ്ട്ര സഭയ്ക്കു കീഴിലെ ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷനാണ് ഐ.എസ്.പി.എസ്. അനുമതി നൽകുന്നത്.

⇒ ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുന്നത് കടൽ ഗതാഗതം കൂടുതൽ സുരക്ഷിതമാക്കുന്നതിനും ഭീകരാക്രമണങ്ങളുടെ സാധ്യത കുറയ്ക്കുന്നതിനും സഹായിക്കും.

• 2024 ഏപ്രിലിൽ അടച്ചുപൂട്ടിയ കേരളത്തിലെ കേന്ദ്ര പൊതു മേഖലാ സ്ഥാപനം – ഹിൽ ഇന്ത്യ ലിമിറ്റഡ്

⇒ കീടനാശിനി നിർമാണമേഖലയിൽ 1954ൽ സ്ഥാപിച്ച, രാജ്യത്തെ ആദ്യ കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനമാണ് ഹിൽ ഇന്ത്യ ലിമിറ്റഡ്.

⇒ കളമശേരിക്കടുത്ത് ഏലൂർ ഉദ്യോഗമണ്ഡലിലാണ് ഹിൽ ഇന്ത്യ ലിമിറ്റഡ് പ്രവർത്തിച്ചിരുന്നത്.

• അമേരിക്കയിലെ, ലാസ് വേഗസ് സിറ്റിയിൽ നടന്ന ഗൂഗിൾ ക്ളൗഡ്

നെക്സ്റ്റ് 24 ഇവന്റിൽ ഗൂഗിൾ പാർട്ണർ ഓഫ് ദി ഇയർ അവാർഡ് കരസ്ഥമാക്കിയ കൊച്ചി  കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന എ.ഐ ഇന്നോവേഷൻ കമ്പനി - റിയഫൈ ടെക്നോളജീസ്

• 2024 ഏപ്രിലിൽ സംസ്ഥാനത്തെ കളിസ്ഥലമില്ലാത്ത വിദ്യാലയങ്ങൾ അടച്ചു പൂട്ടണമെന്ന ഉത്തരവിട്ട ഹൈക്കോടതി – കേരള ഹൈക്കോടതി

• കേരളത്തിൽ പരീക്ഷണയോട്ടം നടത്തിയ ആദ്യ ഡബിൾ ഡക്കർ ട്രെയിൻ - ബെംഗളൂരു - കോയമ്പത്തൂർ ഉദയ് എക്സ്പ്രസ്

⇒ കോയമ്പത്തൂർ-ബെംഗളൂരു ഉദയ് എക്സ്പ്രസ് പാലക്കാട്ടേക്ക് നീട്ടുന്നതിന്റെ ഭാഗമായാണ് പരീക്ഷണയോട്ടം നടത്തിയത്.

• ജയ്പൂരിൽ നടന്ന മിസ് ടീൻ ദിവ മത്സരത്തിൽ, മിസ് ടീൻ ഇന്റർനാഷണൽ ഇന്ത്യ 2024 പട്ടം സ്വന്തമാക്കിയ മലയാളി - കെസിയ മെജോ

• ലോക്സഭാ തിരഞ്ഞെടുപ്പിൽ ഓരോ പൗരനും സമ്മതിദാന അവകാശം വിനിയോഗിക്കുന്നതിന്റെ ആവശ്യകതയെ വിളിച്ചോതുന്ന 'വന്ദേ വോട്ടരം' എന്ന ഗാനത്തിന് ഈണം പകർന്നത് - ഔസേപ്പച്ചൻ

⇒ സ്വീപ്പിന്റെ (സിസ്റ്റമാറ്റിക് വോട്ടേഴ്സ് എഡ്യൂക്കേഷൻ ആൻഡ് ഇലക്ടറൽ പാർട്ടിസിപ്പേഷൻ ) അഭിമുഖ്യത്തിൽ നിർമ്മിച്ചതാണ് ഈ വോട്ട് ഗാനം.

• സംസ്ഥാനത്താദ്യമായി ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ശാരീരിക മാനസികശേഷികൾ മെച്ചപ്പെടുത്താൻ ഗ്രീൻ തെറാപ്പി ഗാർഡൻ തയ്യാറാക്കിയ സ്കൂൾ -  മാടായി ഗേൾസ് ഹയർസെക്കൻഡറി സ്കൂൾ, കണ്ണൂർ

• 2024 ഏപ്രിലിൽ കേന്ദ്ര കാലാവസ്ഥ നിരീക്ഷണകേന്ദ്രം ഉഷ്ണതരംഗം പ്രഖ്യാപിച്ച കേരളത്തിലെ ജില്ല - പാലക്കാട്

⇒ സംസ്ഥാനത്തുതന്നെ ഇതാദ്യമായാണ് ഏതെങ്കിലുമൊരു പ്രദേശത്ത് ഉഷ്ണതരംഗം പ്രഖ്യാപിക്കുന്നത്.

• സംസ്ഥാനത്തെ ആദ്യ ട്രാൻസ്ജെൻഡർ മാതൃക പോളിങ് ബൂത്തായ റെയിൻബോ ബൂത്ത്  ഒരുക്കിയ ജില്ലാ ഭരണകൂടം -  തിരുവനന്തപുരം

⇒ ട്രാൻസ്ജെൻഡർ പ്രൈഡ് മൂവ്മെന്റ് ക്യാമ്പയിന്റെ ഭാഗമായാണ് റെയിൻബോ ബൂത്ത് തയ്യാറാക്കിയത്.


ENTRI

• പുണ്ടോൾ ഗാലറി 17 കോടി രൂപക്ക് ലേലം ചെയ്ത രാജാരവിവർമ്മയുടെ ചിത്രം - മോഹിനി

⇒ കാമുകന്റെ വരവും പ്രതീക്ഷിച്ച് ഊഞ്ഞാലാടുന്ന യുവതിയുടെ ചിത്രമാണ് 'മോഹിനി'.

• രാജ്യത്തെ ആദ്യ ട്രാൻസ്ഷിപ്മെന്റ് തുറമുഖം - വിഴിഞ്ഞം തുറമുഖം

⇒ വലിയ കപ്പലുകൾക്ക് (മദർ ഷിപ്സ്) അടുക്കാനും ചരക്കുകൾ കൈമാറ്റം ചെയ്യാനും സംവിധാനമുള്ളതാണ് ട്രാൻസ്ഷിപ്മെന്റ് തുറമുഖങ്ങൾ. ചെറിയ കപ്പലുകളിൽ എത്തുന്ന ചരക്കുകൾ വലിയ കപ്പലുകളിലേക്കും തിരിച്ചും കയറ്റിറക്കുമതി ചെയ്യാനുള്ള സൗകര്യം ട്രാൻസ്ഷിപ്മെന്റ് ടെർമിനലുകളിലുണ്ടാകും.

• കൊതുക് നിയന്ത്രണത്തിനു പ്രോട്ടീൻ കണ്ടെത്തിയ കാലികറ്റ് സർവ്വകലാശാല ഗവേഷകർ - പ്രൊഫ.ഡോ.കണ്ണൻ, എം ദീപ്തി

## കായികം

• തുടർച്ചയായി അഞ്ചാം വർഷവും ഐസിസി അംപയർമാരുടെ എലൈറ്റ് പാനലിൽ ഉൾപ്പെട്ട മലയാളി – നിതിൻ മേനോൻ

• ഖത്തർ സൂപ്പർ ലീഗ് ഫുട്ബോളിൽ കളിക്കുന്ന ആദ്യ ഇന്ത്യൻ വംശജനെന്ന നേട്ടം സ്വന്തമാക്കിയ മലയാളി ഫുട്ബോളർ - തഹ്സിൻ മുഹമ്മദ് ജംഷീദ്

• എടിപി റാങ്കിംഗിൽ ഒന്നാം റാങ്കിലെത്തുന്ന ഏറ്റവും പ്രായം കൂടിയ താരം എന്ന നേട്ടം സ്വന്തമാക്കിയത് - നൊവാക് ജോക്കോവിച്ച്

• ടി20 ക്രിക്കറ്റിൽ 300 താരങ്ങളെ പുറത്താക്കിയ വിക്കറ്റ് കീപ്പർ എന്ന റെക്കോർഡ് സ്വന്തമാക്കിയത് – എം എസ് ധോണി

• 2024 ലെ തോമസ് കപ്പിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം – ചൈന

• അന്താരാഷ്ട്ര അർനോൾഡ് ക്ലാസിക് പ്രോ വീൽചെയർ ബോഡി ബിൽഡിംഗ് ചാമ്പ്യൻഷിപ്പിൽ കിരീടം നേടിയ ആദ്യ ഇന്ത്യക്കാരൻ - രാജേഷ് ജോൺ

⇒ പത്തനംതിട്ട സ്വദേശിയാണ് രാജേഷ് ജോൺ.

• പാരീസിൽ നടക്കുന്ന 2024 ലെ ഒളിമ്പിക്സിനുള്ള ജൂറി അംഗമാകുന്ന ആദ്യ ഇന്ത്യൻ വനിത - ബിൽകീസ് മിർ


ENTRI

⇒ കയാക്കിങ്ങിലെ മുൻ ദേശീയതാരവും പരിശീലകയുമാണ് ജമ്മു കശ്മീർ സ്വദേശിയായ ബിൽകീസ് മിർ.

• 2024 ലെ ജപ്പാൻ ഗ്രാൻപ്രി ഫോർമുല വൺ കാറോട്ട മത്സരത്തിൽ കിരീടം സ്വന്തമാക്കിയത് – മാക്സ് വെസ്റ്റപ്പൻ

• ഇന്ത്യൻ പ്രീമിയർ ലീഗിൽ 1000 റൺസും , 100 വിക്കറ്റും , 100 ക്യാച്ചും നേടുന്ന ആദ്യ താരം എന്ന നേട്ടം സ്വന്തമാക്കിയത് - രവീന്ദ്ര ജഡേജ

• കളിമൺ കോർട്ടുകളിൽ എടിപി മാസ്റ്റേഴ്സ് 1000 മത്സരം വിജയിക്കുന്ന ആദ്യ ഇന്ത്യൻ ടെന്നീസ് കളിക്കാരൻ എന്ന നേട്ടം സ്വന്തമാക്കിയത് - സുമിത് നാഗൽ

⇒ 2024 മോണ്ടി കാർലോ മാസ്റ്റേഴ്സ് സിംഗിൾസിന്റെ ആദ്യ റൗണ്ടിൽ ഇറ്റലിയുടെ മാറ്റിയോ അർണാൾഡിയെ പരാജയപ്പെടുത്തിയാണ് സുമിത് നാഗൽ ചരിത്ര നേട്ടം സ്വന്തമാക്കിയത്.

• 2024 പാരീസ് ഒളിമ്പിക്സിനുള്ള ഇന്ത്യൻ സംഘത്തിന്റെ നേതൃസ്ഥാനമായ 'ഷെഫ്-ഡി-മിഷൻ' രാജിവെച്ച ബോക്സിങ് ഇതിഹാസം - എം.സി. മേരി കോം

• പാരീസ് ഒളിമ്പിക്സിലെ അത്‌ലറ്റിക്സ് ഇനങ്ങളിലെ സ്വർണ മെഡൽ ജേതാക്കൾക്കു ലോക അത്‌ലറ്റിക്സ് സംഘടന പ്രഖ്യാപിച്ച സമ്മാനത്തുക - 50,000 ഡോളർ

⇒ ഒളിമ്പിക്സ് ചരിത്രത്തിൽ ഇതാദ്യമായാണ് ജേതാക്കൾക്ക് സമ്മാനത്തുക ലഭിക്കുന്നത്.

• ടി20 ക്രിക്കറ്റിൽ യുവരാജ് സിങ്, കീറൺ പൊള്ളാർഡ് എന്നിവർക്ക് ശേഷം ഒരോവറിൽ ആറു സിക്സറുകൾ നേടിയ ക്രിക്കറ്റ് താരം - ദീപേന്ദ്ര സിങ് ഐറി

⇒ എ.സി.സി. മെൻസ് പ്രീമിയർ കപ്പ് ടി20 യിൽ ഖത്തറിനെതിരായ മത്സരത്തിലാണ് നേപ്പാൾ ക്രിക്കറ്റ് താരമായ ദീപേന്ദ്ര സിങ് ഐറി ഒരോവറിൽ ആറു സിക്സറുകൾ നേടിയത്.

• 2024 ഏപ്രിലിൽ ഇന്ത്യൻ വനിതാ ടി20 ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാളി ക്രിക്കറ്റ് താരങ്ങൾ - സജന സജീവൻ, ആശ ശോഭന

• പരിക്കിനെതുടർന്ന് പാരിസ് ഒളിമ്പിക്സിൽ നിന്ന് പിന്മാറിയ മലയാളി ലോങ് ജമ്പ് താരം - എം. ശ്രീശങ്കർ


ENTRI

• പുരുഷ ഡിസ്കസ് ത്രോ യിൽ ലോക റെക്കോർഡ് സ്വന്തമാക്കിയ ലിത്വനിയൻ താരം – മൈക്കോളാസ് അലക്ന

⇒ ഒക്‌ലഹോമ ത്രോസ് സീരിസിൽ ലിത്വാനിയൻ താരം മൈക്കോളാസ് അലക്നയാണ് 74.35 മീറ്റർ പിന്നിട്ട് പുതിയ ദൂരം കുറിച്ചത്.

⇒ 1986ൽ ജർമനിയുടെ യൂർഗൻ ഷൂൾട്ട് കുറിച്ചതായിരുന്നു (74.08 മീറ്റർ) മുൻ റെക്കോർഡ്.

• 2024 ലെ ചൈനീസ് ഗ്രാൻപ്രി ഫോർമുല വൺ കാറോട്ട മത്സരത്തിൽ കിരീടം സ്വന്തമാക്കിയത് - മാക്സ് വെസ്റ്റപ്പൻ

• 2024 ലെ കാൻഡിഡേറ്റ്സ് ചെസ്സ് ടൂർണമെന്റിൽ കിരീടം സ്വന്തമാക്കിയ ഇന്ത്യൻ താരം - ഡി. ഗുകേഷ്

⇒ കാൻഡിഡേറ്റ്സ് ടൂർണമെന്റിൽ കിരീടം സ്വന്തമാക്കുന്ന എറ്റവും പ്രായം കുറഞ്ഞ താരം എന്ന നേട്ടവും ഡി. ഗുകേഷ് സ്വന്തമാക്കി.

• ഐപിഎൽ ചരിത്രത്തിൽ 200 വിക്കറ്റുകൾ നേടുന്ന ആദ്യ ബൗളർ – യുസ്‌വേന്ദ്ര ചഹൽ

• 2024 ഏപ്രിലിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിച്ച പാകിസ്താൻ വനിതാ ക്രിക്കറ്റ് താരം - ബിസ്മ മറൂഫ്

⇒ പാകിസ്ഥാന് വേണ്ടി ഏറ്റവും കൂടുതൽ അന്താരാഷ്ട്ര മത്സരങ്ങൾ കളിച്ച വനിതാ താരമാണ് ബിസ്മ മറൂഫ്.

• 2024-ലെ ഐസിസി പുരുഷ ട്വന്റി20 ക്രിക്കറ്റ് ലോകകപ്പ് ബ്രാൻഡ് അംബാസഡർമാരായി തിരഞ്ഞെടുക്കപ്പെട്ടത് - ഉസൈൻ ബോൾട്ട്, ക്രിസ് ഗെയ്ൽ, യുവരാജ് സിങ്

⇒ വെസ്റ്റിൻഡീസും , യു.എസുമാണ് 2024 ലെ ടി20 പുരുഷ ക്രിക്കറ്റ് ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്.

## സാഹിത്യം

• വൈറ്റ്ഹൗസിലെ വളർത്തുപൂച്ചയെക്കുറിച്ച് യു.എസ്. പ്രഥമ വനിത ജിൽ ബൈഡനും എഴുത്തുകാരി ആലിസ സാറ്റിൻ കപ്പുസില്ലിയും ചേർന്നെഴുതുന്ന കുട്ടികൾക്കുള്ള പുസ്തകം – വില്ലോ-ദ വൈറ്റ് ഹൗസ് ക്യാറ്റ്

• ഇംഗ്ലീഷ് ഭാഷയിലേക്കുള്ള വിവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് പെൻ അമേരിക്ക നൽകുന്ന സാഹിത്യ ഗ്രാന്റിന് അർഹയായ


ENTRI

മലയാളി വിവർത്തക - ഡോ. വൃന്ദ വർമ

⇒ പ്രശസ്ത നാടക നടൻ ഓച്ചിറ വേലുക്കുട്ടിയുടെ ജീവിതം ആസ്പദമാക്കി എസ്. ഗിരീഷ് കുമാർ എഴുതിയ അലിംഗം എന്ന നോവലാണ് ഡോ. വൃന്ദ വർമ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്.

- പുന്നയൂർക്കുളം സാഹിത്യസമിതിയുടെ പ്രഥമ മാധവിക്കുട്ടി പുരസ്കാരത്തിന് അർഹയായത് - കെ. ആർ. മീര

⇒ സാഹിത്യമേഖലയിലെ സമഗ്രസംഭാവന പരിഗണിച്ചാണ് പുരസ്കാരം.

- തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകുന്ന 2023 ലെ മാധവമുദ്ര സാഹിത്യ പുരസ്കാരത്തിന് അർഹനായത് - ആർ. രാമചന്ദ്രനായർ

⇒ 2021 പുരസ്കാര ജേതാവ് - പ്രൊഫ. വി. മധുസൂദനൻനായർ

⇒ 2022 പുരസ്കാര ജേതാവ് - ആലങ്കോട് ലീലാകൃഷ്ണൻ

- കാഴ്ച്ച മുതൽ ആടുജീവിതം വരെയുള്ള ചലച്ചിത്രാനുഭവങ്ങളെക്കുറിച്ച് സംവിധായകൻ ബ്ലെസി എഴുതുന്ന ഓർമ്മ  പുസ്തകം - കാഴ്ച്ചയുടെ തന്മാത്രകൾ

- 'ജീവിതം ആടുജീവിതം , ഓർമകളിലെ മരുക്കാറ്റ്' പുസ്തകത്തിന്റെ രചയിതാവ് - ബ്ലെസി

⇒ സംവിധായകൻ ബ്ലെസി തന്റെ ആടുജീവിതം സിനിമയുടെ ചിത്രീകരണത്തിനു പിന്നിലെ കഥയും ജീവിതവുമാണ് പുസ്തകത്തിലൂടെ വിവരിക്കുന്നത്.

- സുരേഷ് ഇളമൺ രചിച്ച , പ്രശസ്ത പക്ഷി നിരീക്ഷകനായ കെ. കെ. നീലകണ്ഠന്റെ(ഇന്ദുചൂഡൻ) ജീവിതകഥ പറയുന്ന പുസ്തകം - പക്ഷികളും ഒരു മനുഷ്യനും

- റഷ്യൻ തടവറയിൽ മരിച്ച പ്രതിപക്ഷനേതാവ് അലക്സി നവൽനിയുടെ ഓർമ്മക്കുറിപ്പ് – പാട്രിയറ്റ്

- 2024ലെ ആശാൻ യുവകവി പുരസ്കാരത്തിന് അർഹനായത് - സുബിൻ അമ്പിത്തറയിൽ

⇒ അദ്ദേഹത്തിന്റെ 'ഉച്ചാന്തലമേലെ പുലർകാലെ' എന്ന കാവ്യസമാഹാരത്തിനാണ് പുരസ്കാരം.

- 'ഹെവൻലി ഹൈലന്റ്സ് ഓഫ് ഗോവ' എന്ന പുസ്തകത്തിന്റെ രചയിതാവ്  - പി.എസ് ശ്രീധരൻ പിള്ള

• 'ദി വിന്നേഴ്സ് മൈൻഡ്സെറ്റ്' എന്ന പുസ്തകം രചിച്ച മുൻ ഓസ്ട്രേലിയൻ ക്രിക്കറ്റ് താരം - ഷെയ്ൻ വാട്സൺ

## മറ്റ് പുരസ്കാരങ്ങൾ

• 2023 ലെ മനോരമ സ്പോർട്സ് സ്റ്റാർ പുരസ്കാരത്തിന് അർഹനായ ലോങ്ജംപ് താരം - എം. ശ്രീശങ്കർ

⇒ സ്പോർട്സ് സ്റ്റാർ പുരസ്കാരത്തിൽ കേരള ക്രിക്കറ്റ് താരം സച്ചിൻ ബേബി രണ്ടാം സ്ഥാനവും പാരാ ഷൂട്ടിങ് താരം സിദ്ധാർഥ ബാബു മൂന്നാം സ്ഥാനവും നേടി.

• യു.എസ്. പ്രസിഡന്റിന്റെ 'ഗോൾഡ് വൊളന്റിയർ സർവീസ്' ബഹുമതിക്ക് അർഹനായ ഇന്ത്യയിലെ ജൈന ആത്മീയാചാര്യൻ - ലോകേഷ് മുനി

⇒ അഹിംസ വിശ്വഭാരതി, വേൾഡ് പീസ് സെന്റർ എന്നിവയുടെ സ്ഥാപകനാണ് ലോകേഷ് മുനി.

• യുഎസ് ആസ്ഥാനമായുള്ള സ്പേസ് ഫൗണ്ടേഷന്റെ 2024-ലെ ബഹിരാകാശ പര്യവേഷണത്തിനുള്ള ജോൺ എൽ "ജാക്ക്" സ്വിഗെർട്ട് ജൂനിയർ അവാർഡിന് അർഹരായത് - ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ (ഐഎസ്ആർഒ) ചന്ദ്രയാൻ-3 ദൗത്യസംഘം

• പി.ഭാസ്കരൻ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന പി ഭാസ്കരൻ ജന്മശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നൽകുന്ന പുരസ്ക്കാരത്തിന് അർഹനായ നടൻ - രാഘവൻ

• 2024 ലെ മികച്ച ചിത്രത്തിനുള്ള വേൾഡ് പ്രസ് ഫോട്ടോ അവാർഡിന് അർഹനായത് - മുഹമ്മദ് സലേം

⇒ ഗാസയിൽ 5 വയസ്സുള്ള കുഞ്ഞിന്റെ മൃതദേഹം മടിയിൽവച്ചു വിങ്ങിപ്പൊട്ടുന്ന പലസ്തീൻ വനിതയുടെ ചിത്രമാണ് റോയിട്ടേഴ്സ് ഫോട്ടോഗ്രാഫർ മുഹമ്മദ് സലേമിനെ അവാർഡിന് അർഹനാക്കിയത്.

• 2024-ലെ ഏഷ്യൻ ടെലികോം അവാർഡിൽ 'ഇൻഫ്രാസ്ട്രക്ചർ ഇനിഷ്യേറ്റീവ് ഓഫ് ദ ഇയർ' പുരസ്കാരം ലഭിച്ച കേരള സർക്കാർ പദ്ധതി - കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (കെ ഫോൺ)

• മൂന്നാമത് ലത ദീനനാഥ് മങ്കേഷ്കർ പുരസ്കാരത്തിന് അർഹനായത് - അമിതാഭ് ബച്ചൻ


ENTRI

• 2021 ലെ KISS ഹ്യൂമാനിറ്റേറിയൻ അവാർഡിന് അർഹനായത് - രത്തൻ ടാറ്റ

⇒ ഭുവനേശ്വറിലെ കലിംഗ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (KISS) നൽകുന്ന വാർഷിക അന്താരാഷ്ട്ര അവാർഡാണ് KISS ഹ്യുമാനിറ്റേറിയൻ അവാർഡ്.

• സംസ്ഥാനത്തെ മികച്ച ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിക്കുള്ള അവാർഡ് 2024 ൽ കരസ്ഥമാക്കിയത് – എറണാകുളം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി

⇒ ഭിന്നശേഷിക്കാർ, ആദിവാസികൾ, മുതിർന്ന പൗരർ, ട്രാൻസ്ജെൻഡർമാർ തുടങ്ങി വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് എറണാകുളം ലീഗൽ സർവീസ് അതോറിറ്റിയെ പുരസ്കാരത്തിന് തെരഞ്ഞെടുത്തത്.

⇒ രണ്ടാംസ്ഥാനം തിരുവനന്തപുരത്തിനും മൂന്നാംസ്ഥാനം മഞ്ചേരിക്കും (മലപ്പുറം ജില്ല) ലഭിച്ചു.

• പശ്ചിമബംഗാൾ രാജ്ഭവന്റെ ഗവർണേഴ്സ് അവാർഡ് ഓഫ് എക്സലൻസിന് അർഹനായ മലയാള നടൻ - ജഗതി ശ്രീകുമാർ

• 2024 ലെ ജനാർദ്ദനൻ നെടുങ്ങാടി സ്മാരക ശ്രീ ഗുരുവായൂരപ്പൻ അഷ്ടപദി പുരസ്കാരത്തിന് അർഹനായ അഷ്ടപദി കലാകാരൻ - വൈക്കം ജയൻ മാരാർ

⇒ അഷ്ടപദി ഗാനശാഖയ്ക്ക് നൽകിയ സമഗ്ര സംഭാവനയ്ക്കാണ് പുരസ്ക്കാരം.

⇒ ഗുരുവായൂർ ദേവസ്വം അഷ്ടപദി സംഗീതോൽസവത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരമാണ് അഷ്ടപദി പുരസ്കാരം.

## സിനിമ

• ഏറ്റവും വേഗത്തിൽ 50 കോടി രൂപ കളക്ഷൻ നേടുന്ന മലയാള സിനിമ - ആടുജീവിതം

⇒ ബെന്യാമിന്റെ ആടുജീവിതം എന്ന നോവൽ ആസ്പദമാക്കി ബ്ലെസ്സി സംവിധാനം ചെയ്ത സിനിമയാണ് ആടുജീവിതം.

• ഓപ്പൺ എഐ യുടെ ടെക്സ്റ്റ്-ടു-വീഡിയോ ജനറേറ്റീവ് AI മോഡലായ സോറ ഉപയോഗിച്ച് നിർമ്മിച്ച ആദ്യ ഷോർട്ട് ഫിലിം - Air Head


ENTRI

• ഏറ്റവും വേഗത്തിൽ 100 കോടി രൂപ കളക്ഷൻ നേടുന്ന മലയാള സിനിമ - ആടുജീവിതം

⇒ ഏറ്റവും വേഗത്തിൽ 50 കോടി രൂപ കളക്ഷൻ നേടുന്ന മലയാള സിനിമയും ആടുജീവിതമാണ്.

⇒ ബെന്യാമിന്റെ ആടുജീവിതം എന്ന നോവൽ ആസ്പദമാക്കി ബ്ലെസ്സി സംവിധാനം ചെയ്ത സിനിമയാണ് ആടുജീവിതം.

⇒ കേന്ദ്ര കഥാപാത്രമായ നജീബായി സിനിമയിൽ വേഷമിട്ടത് പൃഥ്വിരാജ് സുകുമാരൻ ആണ്.

## ശാസ്ത്ര സാങ്കേതിക മേഖല

• ലോക്സഭാ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളെക്കുറിച്ചുള്ള വിവരങ്ങൾ വോട്ടർമാർക്ക് ലഭ്യമാക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ - നോ യുവർ കാൻഡിഡേറ്റ് (Know Your Candidate)

⇒ വോട്ടർമാർക്ക് സ്ഥാനാർത്ഥികളുടെ പേരുകൾ ഉപയോഗിച്ച് ആപ്ലിക്കേഷനിൽ നിന്നും വിവരങ്ങൾ ലഭ്യമാകും. സ്ഥാനാർത്ഥികൾ ഉൾപ്പെട്ടിട്ടുള്ള ക്രിമിനൽ കേസുകളും, കേസിന്റെ നിലവിലെ സ്ഥിതിയും ആപ്ലിക്കേഷനിലൂടെ അറിയാം.

• ലോക്സഭാ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങളുടെ ഏകോപനത്തിനായുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ സോഫ്റ്റ്‌വെയർ - എൻകോർ

⇒ വരണാധികാരിയുടെ മേൽനോട്ടത്തിൽ നാമനിർദേശ പത്രിക നൽകുന്നതുമുതൽ തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനംവരെയുള്ള എല്ലാ പ്രക്രിയകളും എൻകോർ സോഫ്റ്റ്‌വേറിലൂടെയാണ് ഏകോപിപ്പിക്കുക.

• മൈക്രോസോഫ്റ്റും ഓപ്പൺ എ.ഐയും ചേർന്ന് നിർമ്മിക്കാനൊരുങ്ങുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സൂപ്പർ കമ്പ്യൂട്ടർ – സ്റ്റാർഗേറ്റ്

• ലൈഫ് ലൈക്ക് വീഡിയോകൾ സൃഷ്ടിക്കാൻ കഴിയുന്ന ഓപ്പൺ എഐ യുടെ ടെക്സ്റ്റ്-ടു-വീഡിയോ ജനറേറ്റീവ് AI മോഡൽ - സോറ

• കേന്ദ്ര ഗവൺമെന്റ് ഹെൽത്ത് സ്കീം (സിജിഎച്ച്എസ്) ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് ഹെൽത്ത് റെക്കോർഡുകൾ, വിവരങ്ങൾ, ഉറവിടങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ആരംഭിച്ച ആപ്പ് - myCGHS ആപ്പ്


ENTRI

• ആണവായുധ ശേഷിയുള്ള ഏത് പുതുതലമുറ ബാലിസ്റ്റിക് മിസൈലിന്റെ രാത്രി പരീക്ഷണമാണ് ഒഡിഷ തീരത്തിനടുത്തുള്ള അബ്ദുൽ കലാം ദ്വീപിൽ നിന്ന് 2024 ഏപ്രിലിൽ  വിജയകരമായി പരീക്ഷിച്ചത് – അഗ്നി പ്രൈം

• ഇന്ത്യയിലെ ആദ്യ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സോഫ്റ്റ്‌വെയർ എഞ്ചിനിയർ  - ദേവിക

⇒ തൃശൂർ സ്വദേശി മുഫീദാണ് ദേവികയെ വികസിപ്പിച്ചത്.

⇒ മനുഷ്യരുടെ നിർദേശങ്ങൾ മനസിലാക്കാനും അതിനനുസരിച്ച് കാര്യങ്ങൾ ചെയ്യാനും റിസർച്ച് നടത്താനും സ്വയം കോഡുകൾ എഴുതാനുമെല്ലാം ദേവികയ്ക്ക് സാധിക്കും.

• ടാറ്റ അഡ്വാൻസ്ഡ് സിസ്റ്റംസ് ലിമിറ്റഡ് (TASL), സാറ്റലോജിക്കിന്റെ സഹകരണത്തോടെ, ഇന്ത്യയുടെ സ്വകാര്യമേഖലയിൽ നിർമ്മിച്ച ആദ്യ സബ്-മീറ്റർ റെസല്യൂഷൻ ഭൗമ നിരീക്ഷണ ഉപഗ്രഹം -  TSAT-1A

• ബഹിരാകാശ ശാസ്ത്ര സാങ്കേതിക മേഖലയിലെ അഭിരുചിയുള്ള ശാസ്ത്രജ്ഞരെയും എഞ്ചിനീയർമാരെയും പരിപോഷിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള ISRO യുടെ START പ്രോഗ്രാമിന്റെ നോഡൽ കേന്ദ്രമായി തിരഞ്ഞെടുക്കപ്പെട്ടത് - ഗുജറാത്ത് കൗൺസിൽ ഓൺ സയൻസ് ആൻഡ് ടെക്നോളജി (GUJCOST)

• വിമാനത്താവളങ്ങളിൽ നിർമിത ബുദ്ധിയുടെ സഹായത്താൽ, യാത്രക്കാരുടെ മുഖം തിരിച്ചറിഞ്ഞുള്ള കടലാസുരഹിത പരിശോധന സംവിധാനം - ഡിജിയാത്ര

• 2024 ൽ ഇന്ത്യ ഫിലിപ്പിൻസിന് കൈമാറിയ സൂപ്പർസോണിക് ക്രൂസ് മിസൈൽ -  ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂസ് മിസൈൽ

⇒ ഇരുരാജ്യങ്ങളും തമ്മിൽ 2022-ൽ ഒപ്പുവെച്ച 375 മില്യൺ ഡോളർ കരാറിന്റെ ഭാഗമായാണ് മിസൈലുകളുടെ കൈമാറ്റം.

⇒ ആദ്യമായാണ് ഒരു വിദേശരാജ്യത്തിന് ഇന്ത്യ ബ്രഹ്മോസ് മിസൈൽ കൈമാറുന്നത്.

⇒ ഇന്ത്യയുടെ ഡിഫൻസ് റിസർച്ച് ആൻഡ് ഡിവലെപ്മെന്റ് ഓർഗനൈസേഷന്റേയും(ഡിആർഡിഒ)റഷ്യൻ ഫെഡറേഷന്റെ എൻപിഒ മഷിനോസ്ട്രോയേനിയയുടേയും സംയുക്തസംരംഭമായ ബ്രഹ്മോസ് സൂപ്പർസോണിക് ക്രൂസ് മിസൈൽ ലോകത്തിലെത്തന്നെ ഏറ്റവും വിജയകരമായ മിസൈൽ സംവിധാനങ്ങളിലൊന്നായാണ് വിലയിരുത്തപ്പെടുന്നത്.


ENTRI

• 2024 ഏപ്രിലിൽ ഇന്ത്യ വിജയകരമായി പരീക്ഷിച്ച ദീർഘദൂര ക്രൂയിസ് മിസൈൽ - നിർഭയ്

⇒ ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച മിസൈൽ ഡിആർഡിഒയുടെ നേതൃത്വത്തിൽ ഒഡീഷ തീരത്തു നിന്നാണ് പരീക്ഷിച്ചത്.

⇒ ബെംഗളൂരു കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഡിആർഡിഒ ലബോറട്ടറി എയറോനോട്ടിക്കൽ ഡെവലപ്മെന്റ് എസ്റ്റാബ്ലിഷ്മെന്റ് (എഡിഇ) വികസിപ്പിച്ചെടുത്തതാണ് ക്രൂയിസ് മിസൈൽ.

• ലോക്സഭ തിരഞ്ഞെടുപ്പിന്റെ പോളിംഗ് ശതമാനം ജനങ്ങളെ വേഗത്തിൽ അറിയിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ച ആപ്ലിക്കേഷൻ - വോട്ടർ ടേൺ ഔട്ട് ആപ്പ്

## ഇന്ത്യ - പദ്ധതികൾ

• റിസർവ് ബാങ്കിന്റെ പ്രോഗ്രാമബിൾ സിബിഡിസി പൈലറ്റ് പദ്ധതി ആദ്യമായി നടപ്പാക്കുന്ന ബാങ്ക് - ഇൻഡസ്ഇൻഡ് ബാങ്ക്

⇒ കാർബൺ ക്രെഡിറ്റ് സൃഷ്ടിക്കുന്നതിനു പകരമായി കർഷകർക്ക് ധനസഹായം നൽകുന്നതാണ് പദ്ധതി.

• മൂന്നുമുതൽ ആറുവയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസവും പരിശീലനവും ലക്ഷ്യമിട്ട്  വനിത-ശിശുവികസന മന്ത്രാലയം പുറത്തിറക്കിയ പാഠ്യപദ്ധതി - ആദർശശില

## കേരളം - പദ്ധതികൾ

• ജോലിസംബന്ധമായും വ്യക്തിപരമായും പോലീസുകാർക്കുണ്ടാകുന്ന മാനസികസംഘർഷം ലഘൂകരിക്കുന്നതിനുള്ള കൗൺസലിംഗ് പദ്ധതി - ഹാറ്റ്സ്

⇒ **HATS - Help and Assistance to Tackle Stress**

• ഗാർഹികജോലികളിൽ ആൺകുട്ടികൾക്ക് പരിശീലനം നൽകുന്നതിന് സമഗ്രശിക്ഷാ കോഴിക്കോട് ആരംഭിച്ച പദ്ധതി - കുക്കീസ്-എന്റെ ഭക്ഷണം എന്റെ ഉത്തരവാദിത്വം

• അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരും മരണമടഞ്ഞതും നിർധനരുമായ കുടുംബങ്ങളിലെ കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പ്രതിമാസ ധനസഹായ പദ്ധതി - സ്നേഹപൂർവം


ENTRI

## നിയമനങ്ങൾ

• ഏഷ്യൻ അത്‌ലറ്റിക്‌സ് കമ്മിഷൻ അംഗമായി നിയമിതയായ മലയാളി അത്‌ലറ്റ് - ഷൈനി വിൽസൺ

• കോംഗോയുടെ ആദ്യ വനിതാ പ്രധാനമന്ത്രിയായി നിയമിതയായത് - ജൂഡിത്ത് സുമിൻവ തുലൂക്ക

• കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ പ്രിൻസിപ്പൽ ഡയറക്ടർ ജനറലായി നിയമിതയായത് - ഷെയ്ഫാലി ബി. ശരൺ

• 2024 ഏപ്രിലിൽ ഈജിപ്തിന്റെ പ്രസിഡന്റായി സത്യപ്രതിജ്ഞ ചെയ്തത് - അബ്ദുൾ ഫത്താഹ് അൽ സിസി

• സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ആക്ടിങ് ചെയർമാനായി നിയമിതനായത് - കെ. ബൈജു നാഥ്
  ⇒ സംസ്ഥാന മനുഷ്യാവകാശ കമ്മിഷൻ അധ്യക്ഷ സ്ഥാനമേറ്റെടുക്കാനില്ലെന്ന് ജസ്റ്റിസ് മണി കുമാർ ഗവർണറെ അറിയിച്ചതിനെ തുടർന്നാണ് കെ. ബൈജു നാഥ് ആക്ടിങ് ചെയർമാനായി നിയമിതനായത്.

• 2024 ഏപ്രിലിൽ ലോകബാങ്കിന്റെ സാമ്പത്തിക ഉപദേശക സമിതിയിലേക്ക് നിയമിതനായ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുൻ ഡെപ്യൂട്ടി ഗവർണർ - രാകേഷ് മോഹൻ

• 2024 ഏപ്രിലിൽ പതിനാറാം ധനകാര്യ കമ്മീഷൻ അംഗമായി നിയമിതനായത് - മനോജ് പാണ്ഡ

• കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായി നിയമിതനായത് – സന്തോഷ് കുമാർ ഝാ

• ഇന്ത്യൻ വനിതാ ഹോക്കി ടീമിന്റെ പരിശീലകനായി നിയമിതനായത് - ഹരേന്ദ്ര സിംഗ്
  ⇒ 2024 ലെ പാരീസ് ഒളിമ്പിക്സിന് യോഗ്യത നേടുന്നതിൽ ഇന്ത്യൻ ടീം പരാജയപ്പെട്ടതിനെത്തുടർന്ന് ദേശീയ വനിതാ ടീമിന്റെ പരിശീലകസ്ഥാനം രാജിവച്ച മുൻ ഡച്ച് ഹോക്കി താരം ജാനെകെ ഷോപ്മാന്റെ പകരക്കാരനായാണ് ഹരേന്ദ്ര സിംഗ് നിയമിതനായത്.

• ഇന്ത്യയിലെ ബ്രിട്ടീഷ് സ്ഥാനപതിയായി നിയമിതയായത് - ലിൻഡി കാമറൂൺ

⇒ ഇന്ത്യയിലെ ബ്രിട്ടീഷ് സ്ഥാനപതിയാകുന്ന ആദ്യ വനിതയാണ് ലിൻഡി കാമറൂൺ

• ഐക്യരാഷ്ട്ര സംഘടനയുടെ ഇന്റർനാഷനൽ നർകോട്ടിക് കൺട്രോൾ ബോർഡിലേക്ക് (ഐഎൻസിബി) മൂന്നാം തവണയും ഇന്ത്യൻ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടത് - ജഗ്ജിത് പാവ്ദിയ

• ഇന്റർനാഷണൽ മോണിറ്ററി ഫണ്ടിന്റെ (IMF) മാനേജിംഗ് ഡയറക്ടറായി (MD) രണ്ടാമതും നിയമിതയാകുന്നത് - ക്രിസ്റ്റലീന ജോർജീവ

• 2024 ഏപ്രിലിൽ കുവൈത്തിന്റെ പുതിയ പ്രധാനമന്ത്രിയായി നിയമിതനായത് - ശൈഖ് അഹമ്മദ് അബ്ദുല്ല അൽ സബാഹ്

⇒ ഷെയ്ഖ് മുഹമ്മദ് സബാഹ് അൽ സലേം അൽ സബാഹിന്റെ രാജിയെ തുടർന്നാണ് കുവൈത്ത് അമീർ ഷെയ്ഖ് അഹമ്മദ് അബ്ദുല്ല അൽ അഹമ്മദ് അൽ സബാഹിനെ പുതിയ പ്രധാനമന്ത്രിയായി നിയമിച്ചത്.

• 2024 ഏപ്രിലിൽ സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ ജോയിന്റ് ഡയറക്ടറായി നിയമിതനായത് – അനുരാഗ് കുമാർ

• 2024 മെയിൽ ഇന്ത്യയുടെ പുതിയ നാവികസേനാ മേധാവിയായി നിയമിതനാകുന്നത് - ദിനേശ് കുമാർ ത്രിപാഠി

⇒ നിലവിലെ അഡ്മിറൽ ആർ. ഹരികുമാർ ഏപ്രിലിൽ വിരമിക്കുന്ന ഒഴിവിലേക്കാണ് ദിനേശ് കുമാർ ത്രിപാഠി നിയമിതനാകുന്നത്.

• ഇന്റലിന്റെ ഇന്ത്യ റീജിയൻ മേധാവിയായി നിയമിതനായത് - സന്തോഷ് വിശ്വനാഥൻ

• നിർമിതബുദ്ധി കമ്പനിയും ചാറ്റ് ജി.പി.ടി.യുടെ സ്രഷ്ടാവുമായ ഓപ്പൺ എ.ഐ.യുടെ ഇന്ത്യയിലെ ആദ്യ ജീവനക്കാരിയായി നിയമിതയായത് - പ്രഗ്യാ മിശ്ര

• ഇന്തോനേഷ്യയിലെ ഐക്യരാഷ്ട്രസംഘടനയുടെ റസിഡന്റ് കോ-ഓർഡിനേറ്ററായി നിയമിതയായ ഇന്ത്യക്കാരി - ഗീത സബർവാൾ

• ദേശീയ സുരക്ഷാസേന(എൻ.എസ്.ജി.)യുടെ പുതിയ ഡയറക്ടർ ജനറലായി നിയമിതനായത് - നളിൻ പ്രഭാത്


ENTRI

• അലിഗഢ് മുസ്‌ലിം സർവകലാശാലയുടെ (എ.എം.യു.) വൈസ് ചാൻസിലറായി നിയമിതയായ ആദ്യ വനിത - പ്രൊഫസർ നൈമ ഖാതൂൻ

• 2024 മെയിൽ ഇന്ത്യയുടെ പുതിയ നാവികസേനാ ഉപമേധാവിയായി നിയമിതനാകുന്നത് - കൃഷ്ണ സ്വാമിനാഥൻ

• നാഷണൽ ഫിലിം അക്കാദമിയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത് - ഡോ. പോൾ മണലിൽ

• 2024 ലെ സൗദി ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിലെ ഡോക്യുമെന്ററി വിഭാഗത്തിന്റെ ജൂറി ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ടത് - വി.കെ.ജോസഫ്

• പാകിസ്ഥാന്റെ ഉപപ്രധാനമന്ത്രിയായി നിയമിതനായത് - ഇഷാഖ് ദാർ

• 2024 ലെ ഐസിസി വനിതാ ടി20 ലോകകപ്പ് യോഗ്യതാ മത്സരത്തിന്റെ അംബാസഡറായി തിരഞ്ഞെടുക്കപ്പെട്ട മുൻ പാകിസ്ഥാൻ വനിതാ ക്രിക്കറ്റ് താരം - സന മിർ

## വിയോഗം

• 2024 ഏപ്രിലിൽ അന്തരിച്ച പ്രശസ്ത ഫ്രഞ്ച് നോവലിസ്റ്റും നിരൂപകയും നാടകകൃത്തുമായിരുന്ന വ്യക്തി - മരീസ് കോൺട്

⇒ നൊബേൽ സമ്മാനത്തിന്റെ പകരക്കാരനെന്നറിയപ്പെടുന്ന ന്യൂ അക്കാദമി പ്രൈസ് ഇൻ ലിറ്ററേച്ചർ നേടിയ ആദ്യത്തെ എഴുത്തുകാരിയാണ് മരീസ് കോൺട്.

⇒ ആഫ്രിക്കൻ പശ്ചാത്തലത്തിൽ കരീബിയൻ അടിമത്തത്തിന്റെയും കോളനിവാഴ്ചയുടെയും തിക്ത കഥകൾ പറഞ്ഞ മരീസ് കോൺട് തന്റെ സേഗോ (segou) എന്ന നോവലിലൂടെയാണ് വിഖ്യാതയായത്.

• 2024 ഏപ്രിലിൽ അന്തരിച്ച ലോകത്തെ ഏറ്റവും പ്രായം ചെന്ന പുരുഷൻ എന്ന ഗിന്നസ് റെക്കോർഡിന് ഉടമയായ വ്യക്തി - ഹുവാൻ വിൻസെന്റ് പെരസ് മോറ

⇒ വെനസ്വേലൻ സ്വദേശിയാണ് ഹുവാൻ വിൻസെന്റ് പെരസ് മോറ. അന്തരിക്കുമ്പോൾ 114 വയസായിരുന്നു അദ്ദേഹത്തിന്.


ENTRI

• 2024 ഏപ്രിലിൽ അന്തരിച്ച പ്രമുഖ ബ്രിട്ടീഷ് ഭൗതികശാസ്ത്രജ്ഞൻ - പീറ്റർ ഹിഗ്സ്

⇒ 'ദൈവകണം' (ഹിഗ്സ് ബോസോൺ) എന്ന പുതിയ അടിസ്ഥാനകണികയുടെ അസ്തിത്വം പ്രവചിച്ച ഭൗതികശാസ്ത്രജ്ഞനാണ് പീറ്റർ ഹിഗ്സ്.

⇒ 1964-ലെ ഈ സുപ്രധാന കണ്ടെത്തലിന് 2013-ൽ അദ്ദേഹത്തിന് ഭൗതികശാസ്ത്ര നൊബേൽ ലഭിച്ചു.

• 2024 ഏപ്രിലിൽ അന്തരിച്ച സാമൂഹിക-പരിസ്ഥിതി പ്രവർത്തകനും സർവോദയ, ചിപ്കോ മുന്നേറ്റങ്ങളുടെ നേതാക്കളിലൊരാളുമായിരുന്ന വ്യക്തി – മുരാരി ലാൽ

• 2024 ഏപ്രിലിൽ അന്തരിച്ച മലയാളത്തിലെ പ്രശസ്ത സംഗീതജ്ഞൻ - കെ.ജി.ജയൻ

⇒ ഇരട്ട സഹോദരനായ കെ.ജി വിജയനുമായി ചേർന്ന് 'ജയവിജയ' എന്ന പേരിലാണ് സംഗീത സവിധാനം ചെയ്തിരുന്നത്.

⇒ നിരവധി ഭക്തിഗാനങ്ങൾക്കും , സിനിമാ ഗാനങ്ങൾക്കും അവർ സംഗീത സംവിധാനം ചെയ്തിട്ടുണ്ട്.

⇒ ഇരുപതോളം സിനിമകൾക്ക് സംഗീത സംവിധാനം നിർവഹിച്ചു. 1968-ൽ പുറത്തിറങ്ങിയ ഭൂമിയിലെ മാലാഖമാർ ആണ് ആദ്യസിനിമ.

⇒ കെ.ജി.ജയന്റെ മകനാണ് പ്രശസ്ത സിനിമാ താരം മനോജ് കെ.ജയൻ.

⇒ 2019-ൽ രാജ്യം പദ്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.

⇒ 1991-ൽ കേരള സംഗീതനാടക അക്കാദമി പുരസ്കാരവും, 2013-ൽ ഹരിവരാസനം പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

• 2024 ഏപ്രിലിൽ അന്തരിച്ച ഇംഗ്ലണ്ട് ക്രിക്കറ്റ് ടീമിന്റെ സ്പിൻ ഇതിഹാസം - ഡെറക് അണ്ടർവുഡ്

⇒ അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ ഹാൾ ഓഫ് ഫെയിമിൽ ഉൾപ്പെടുത്തി ആദരിച്ച താരമാണ് ഡെറക് അണ്ടർവുഡ്.

• 2024 ഏപ്രിലിൽ അന്തരിച്ച ഇന്ത്യൻ സൈക്കോ അനാലിസിസിന്റെ പിതാവ് എന്നറിയപ്പെടുന്ന വ്യക്തി - സുധീർ കാക്കർ

• 2024 ഏപ്രിലിൽ അന്തരിച്ച മുൻകേരളാ ഫുട്ബാൾ ടീം ക്യാപ്റ്റനും പരിശീലകനുമായ വ്യക്തി - പി. ജി. ജോർജ്

## റാങ്കിങ്

- 2024 ഏപ്രിലിൽ പുറത്തിറക്കിയ ഫിഫ പുരുഷ ഫുട്ബോൾ റാങ്കിങ്ങിൽ ഇന്ത്യയുടെ സ്ഥാനം - 121
  - ⇒ ഒന്നാം സ്ഥാനം - അർജന്റീന
  - ⇒ രണ്ടാം സ്ഥാനം - ഫ്രാൻസ്
  - ⇒ മൂന്നാം സ്ഥാനം - ബെൽജിയം

- എയർപോർട്ട് കൗൺസിൽ ഇന്റർനാഷണൽ (എസിഐ) വേൾഡ് പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും തിരക്കേറിയ വിമാനത്താവളങ്ങളുടെ റാങ്കിങ്ങിൽ ഡെൽഹി ഇന്ദിരാഗാന്ധി ഇൻറർനാഷനൽ എയർപോർട്ടിന്റെ സ്ഥാനം - 10

## വേദികൾ

- അന്താരാഷ്ട്ര സർഫിങ് അസോസിയേഷൻ സംഘടിപ്പിച്ച കേരളത്തിലെ ആദ്യ അന്താരാഷ്ട്ര സർഫിങ് ഫെസ്റ്റിവലിന് വേദിയായത് – വർക്കല , തിരുവനന്തപുരം

- യോഗാ ദിനത്തിന്റെ 75 ദിവസത്തെ കൗണ്ട്ഡൗണിന്റെ ഭാഗമായി മൊറാർജി ദേശായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യോഗയും നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നാച്ചുറോപ്പതിയും സംയുക്തമായി സംഘടിപ്പിച്ച യോഗമഹോത്സവത്തിന് വേദിയായത് - പൂനെ, മഹാരാഷ്ട്ര

- 2024 ഏപ്രിലിൽ എല്ലാ സമുദ്ര സുരക്ഷാ ഏജൻസികളെയും ഉൾപ്പെടുത്തി സാഗർ കവച് 01/24 എന്ന ദ്വിദിന തീരദേശ സുരക്ഷാ അഭ്യാസത്തിന് വേദിയായത് - ലക്ഷദ്വീപ്
  - ⇒ ഇന്ത്യൻ നേവി, ഇന്ത്യൻ കോസ്റ്റ് ഗാർഡ്, മറൈൻ പോലീസ്, ഫിഷറീസ്, കസ്റ്റംസ്, മറ്റ് സുരക്ഷാ ഏജൻസികളും ദ്വിദിന തീരദേശ സുരക്ഷാ അഭ്യാസത്തിന്റെ ഭാഗമായി.

- 2024-ലെ വേൾഡ് ഫ്യൂച്ചർ ഉച്ചകോടിക്ക് വേദിയായത്– അബുദാബി

- 2024 ലെ ലോക അത്‌ലറ്റിക്സ് അണ്ടർ 20 ചാമ്പ്യൻഷിപ്പിന് വേദിയാകുന്നത് - ലിമ, പെറു

## സൈനികാഭ്യാസം

- മാലിദ്വീപ്, ഇന്ത്യ, ശ്രീലങ്ക രാജ്യങ്ങളുടെ കോസ്റ്റ് ഗാർഡുകൾ തമ്മിൽ നടന്ന ത്രിരാഷ്ട്ര അഭ്യാസം - ദോസ്തി-16

## പ്രധാന ദിനങ്ങൾ

- ലോക ആരോഗ്യ ദിനം - ഏപ്രിൽ 7
  ⇒ 2024 Theme - 'My health, my right'
  ⇒ 1950 മുതൽ ലോകാരോഗ്യ സംഘടനയുടെ സ്ഥാപക ദിനം (1948 ഏപ്രിൽ 7) ലോക ആരോഗ്യ ദിനമായി ആചരിക്കുന്നു.

- ലോക ഹോമിയോപതി ദിനം - ഏപ്രിൽ 10
  ⇒ ഹോമിയോപ്പതിയുടെ സ്ഥാപകനായി കണക്കാക്കപ്പെടുന്ന ഡോ. സാമുവൽ ഹാനിമാന്റെ ജന്മദിനമാണ് ലോക ഹോമിയോപതി ദിനമായി ആചരിക്കുന്നത്.

- അംബേദ്ക്കർ ജയന്തി - ഏപ്രിൽ 14
  ⇒ 1891 ഏപ്രിൽ 14-ന് ജനിച്ച ഡോ. ബാബാസാഹെബ് അംബേദ്കറുടെ ജന്മദിനമാണ് അംബേദ്കർ ജയന്തി അല്ലെങ്കിൽ ഭീം ജയന്തിയായി ആഘോഷിക്കുന്നത്.

- ലോക ഹീമോഫീലിയ ദിനം - ഏപ്രിൽ 17
  ⇒ 2024 Theme - Equitable access for all: recognizing all bleeding disorders
  ⇒ ഹീമോഫീലിയയെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ വർഷവും ഏപ്രിൽ 17 ന് ലോക ഹീമോഫീലിയ ദിനം ആചരിക്കുന്നു.

- ലോക പൈതൃക ദിനം - ഏപ്രിൽ 18
  ⇒ സ്മാരകങ്ങൾക്കും സൈറ്റുകൾക്കുമായുള്ള അന്താരാഷ്ട്ര ദിനം 1982 ഏപ്രിൽ 18 ന് ഇന്റർനാഷണൽ കൗൺസിൽ ഓൺ മൊണുമെന്റ്സ് ആന്റ് സൈറ്റ്സ് (ICOMOS) നിർദ്ദേശിക്കുകയും 1983 ൽ യുനെസ്കോയുടെ പൊതുസമ്മേളനം അംഗീകരിക്കുകയും ചെയ്തു.

- ലോക കരൾ ദിനം - ഏപ്രിൽ 19
  ⇒ കരളുമായി ബന്ധപ്പെട്ട രോഗങ്ങളെക്കുറിച്ച് അവബോധം


ENTRI

സൃഷ്ടിക്കുന്നതിനായി ഏപ്രിൽ 19 കരൾദിനമായി ആചരിക്കുന്നു.

- ദേശീയ സിവിൽ സർവീസ് ദിനം - ഏപ്രിൽ 21
  ⇒ 1947 ഏപ്രിൽ 21 ന് സർദാർ വല്ലഭ് ഭായ് പട്ടേൽ സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ സിവിൽ സർവീസ് ഉദ്യോഗസ്ഥരെ മെറ്റ്കാൾഫ് ഹൗസിൽ അഭിസംബോധന ചെയ്തതാണ് തീയതിക്ക് കാരണം. ഉദ്വേഗജനകമായ പ്രസംഗത്തിൽ സിവിൽ സർവീസുകാരെ 'ഇന്ത്യയുടെ ഉരുക്ക് ചട്ടക്കൂട്' എന്നാണ് അദ്ദേഹം പരാമർശിച്ചത്.

- ലോക ഭൗമദിനം - ഏപ്രിൽ 22
  ⇒ 2024 Theme - Planet vs Plastics
  ⇒ 1970 ഏപ്രിൽ 22 മുതലാണ് ലോക ഭൗമ ദിനം ആചരിച്ച് തുടങ്ങിയത്.
  ⇒ ബോധവത്കരണത്തിനൊപ്പം ഭൂമിയെ സംരക്ഷിക്കാൻ ഊർജ്ജം നൽകുകയാണ് ഈ ദിനത്തിന്റെ ലക്ഷ്യം.

- ലോക പുസ്തകദിനം - ഏപ്രിൽ 23
  ⇒ വായന, പ്രസിദ്ധീകരണം, പകർപ്പവകാശം എന്നിവയെ പ്രോത്സാഹിപ്പിക്കാൻ യുനെസ്കോയാണ് (യുണൈറ്റഡ് നേഷൻസ് എജുക്കേഷണൽ, സയന്റിഫിക് ആൻഡ് കൾച്ചറൽ ഓർഗനൈസേഷൻ) 1995 ഏപ്രിൽ 23-ന് ലോക പുസ്തകദിനാചരണത്തിന് ആഹ്വാനംചെയ്തത്. അന്നുമുതൽ ഏപ്രിൽ 23-ന് ലോക പുസ്തകദിനമായി ആചരിക്കുന്നു.
  ⇒ 2024-ൽ,ലോക പുസ്തക തലസ്ഥാനമായി സ്ട്രാസ്ബർഗ് തിരഞ്ഞെടുക്കപ്പെട്ടു.

- ദേശീയ പഞ്ചായത്തീ രാജ് ദിനം - ഏപ്രിൽ 24
  ⇒ താഴെത്തട്ടിലേക്ക് അധികാര വികേന്ദ്രീകരണം നടന്ന ചരിത്രപരമായ ദിനമാണ് 1993 ഏപ്രിൽ 24. ഭരണഘടനയുടെ 73-ാം ഭേദഗതിയായി 1993 ഏപ്രിൽ 24ൽ പാസ്സാക്കപ്പെട്ട പഞ്ചായത്തീരാജ് അതേദിവസം പ്രാബല്യത്തിൽ വരികയും ചെയ്തു.പ്രസ്തുത ദിനമാണ് പഞ്ചായത്തീരാജ് മന്ത്രാലയം ദേശീയ പഞ്ചായത്തീരാജ് ദിനമായി ആഘോഷിച്ചുവരുന്നത്.

- ലോക മലേറിയ ദിനം - ഏപ്രിൽ 25
  ⇒ 2024 Theme - Accelerate the fight against malaria for a more equitable world
  ⇒ മലേറിയയെ ചെറുക്കാനുള്ള ആഗോളതലത്തിലുള്ള നടപടികളുടെ ഭാഗമായാണ് ഈ ദിനാചരണം ആഘോഷിക്കുന്നത്.


ENTRI

⇒ ലോകാരോഗ്യസംഘടനയുടെ ഭാഗമായ ലോക ഹെൽത്ത് അസംബ്ലിയുടെ അറുപതാം സമ്മേളനത്തിന്റെ തീരുമാനപ്രകാരമാണ് 2007 ൽ ലോക മലേറിയ ദിനാചരണത്തിന് തുടക്കമിട്ടത്.

# Thank You!

GET IT ON
Google Play